

# യോഖേബെദ്(JOCHEBED)

ദൈവമഹത്വം സർവ്വഭൂമിയിലും, സർവ്വസൃഷ്ടികളിലും കാണാം, എങ്കിലും അത് പ്രസിദ്ധമാക്കുവാൻ ദൈവം മനുഷ്യനെ യാണ് തിരഞ്ഞെടുത്തിരിക്കുന്നത്. അത് ഓരോ വിശ്വാസിയു ടേയും ഉത്തരവാദിത്വമാണ്. അതിനായി ദൈവം വിളിച്ച് വേർതി രിച്ച ജനമായ യിസ്രായേൽ മിസ്രേമിൽ അടിമകളായി പാർക്കു കയും ജനസംഖ്യ വർദ്ധിക്കുകയും ചെയ്തപ്പോൾ, എല്ലാ ആൺ സന്തതികളേയും കൊല്ലുവാനുള്ള ദൗത്യം ജനത്തെ ഫറവോൻ ഏല്പിച്ചു. ആ കാലയളവിൽ ഒരു ലേവി പുരുഷൻ (അമ്രാം)പോയി ഒരു ലേവ്യ കന്യകയെ പരിഗ്രഹിച്ചു. അവൾ (യോഖേബെദ്) ഗർഭം ധരിച്ചു, ഒരു മകനെ പ്രസവിച്ചു. (പുറ:2:1) .ഈ ദമ്പതികൾക്ക് അഹ രോൻ,മിര്യാം എന്ന രണ്ട് കുട്ടികൾ ഉണ്ടായ സമയത്ത് പ്രശ്നങ്ങൾ ഇല്ലായിരുന്നു. എന്നാൽ ഈ പൈതൽ ഗർഭത്തിൽ ഉരുവായതു തന്നെ പ്രതികൂല സാഹചര്യത്തിലായിരുന്നു.യോഖേബെദ് എന്ന ലേവ്യസ്ത്രീയെ ശരിയായി ഒന്ന് പഠിച്ചാൽ ഒരു ക്രിസ്തീയ മാതാവ് പ്രതികൂലങ്ങളിൽ എങ്ങനെ വർത്തിക്കണമെന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും.

## Good Qualities of JOCHEBED

1. **പ്രതികൂലത്തിൽ പുതിയ തലമുറയ്ക്കായി ധൈര്യത്തോടെ എഴുന്നേറ്റവൾ**

തലമുറയ്ക്കെതിരെ ദേശശക്തിയായ ഫറവോൻ രക്തദാഹം പൂണ്ട് നിന്നപ്പോൾ അടുത്ത തലമുറയ്ക്കായി തന്റെ ഭർത്താവി നൊപ്പം പോയവൾക്ക് നല്ല സുന്ദരനായ ഒരു മകനെ നൽകി ദൈവം മാനിച്ചു.ഇത് തലമുറകളെ കൊല്ലുവാൻ തീരുമാനിച്ചവരോ ടുള്ള വെല്ലുവിളിയായും, സ്വഭാവത്തിന്റെ പ്രത്യേകതയായും കരു തിയവർ കാണും. എന്നാൽ ഈ പൈതൽ ജനിക്കേണ്ടതാണെ ന്നും, അത് ആർക്കായിരിക്കണമെന്നും നിശ്ചയിച്ച ദൈവം ഈ ലേവ്യ കുടുംബത്തിന് നൽകിയ ധൈര്യമാണ് ഇതിന് കാരണം.

2. **ഒരു മാതാവിനു വേണ്ട ഗുണങ്ങൾ ഉള്ള സ്ത്രീ.**

ലേവ്യ കുടുംബാംഗമായ ഇവൾ ദൈവഭക്തയും , ആരാധനാ വാഞ്ചയും, ക്ഷമയും , വിശ്വാസവും , ധൈര്യവും ഉള്ളവളായി രുന്നു. യഹോവയോടുള്ള ഭക്തിയും , പ്രാർത്ഥനയുമാണ് ജ്ഞാനവും, വിവേകവും അവൾക്ക് നൽകിയത്. നിങ്ങൾ ഇപ്രകാ രമുള്ള ഒരു മാതാവാണോ?

3. **ദേശശക്തിയെ എതിർത്ത ധീരവനിത**

ഇന്നത്തെ യൗവനക്കാരിൽ ചിലർ സുരക്ഷിതസാഹചര്യമില്ലെ ങ്കിൽ തലമുറ വേണ്ട എന്നും, വിവാഹജീവിതം സുഗമമല്ലാതാകു മ്പോൾ , അവിഹിതസന്തതികൾ ഉണ്ടാകുമ്പോഴും തലമുറകളെ കൊല്ലുകയോ, കളയുകയോ ചെയ്യുന്നവർക്ക് ഈ മാതാവ് ഒരു നല്ല ഉദാഹരണമാണ്. പൈതലിനെ പ്രസവിക്കും വരെ പ്രതികൂല ത്തിൽ വിശ്വാസത്തോടെ പ്രാർത്ഥിച്ചു.

4. **വിശ്വാസം ഉളവാക്കിയ ധൈര്യം**

'ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ടെന്ന്' അരുളിച്ചെയ്ത ദൈവത്തിൽ അവൾ വിശ്വസിച്ചു. വിശ്വസിച്ചവൾ പ്രതികൂലത്തിൽ

കുട്ടിയെ രക്ഷിപ്പാൻ ദൈവസഹായം തേടി. വിശ്വാസത്താൽ ......... രാജകല്പന ഭയപ്പെടാതെ അവനെ മൂന്ന് മാസം ഒളിപ്പിച്ചുവച്ചു എന്ന് (എബ്രാ:11:23) ൽ കാണുന്നു.

5. **ഭാരം യഹോവയിൽ ഭരമേൽപിച്ച മാതാവ്**

'Sword of Damocles'എന്നEnglish ആപ്തവാക്യമാണ് എന്റെ ഓർമ്മയിൽ വന്നത്. സംഹാരകനായ രാജാവിന്റെ കല്പന തന്റെ പൈതലിനെ ബാധിക്കുമോ,കുഞ്ഞിന്റെ കരച്ചിൽ ശബ്ദം പുറലോകം കേൾക്കുമോ? തുടങ്ങിയ ഭാരം യഹോവയിൽ സമർപ്പിച്ച് ഓരോ നിമിഷവും ദൈവസ്തുതി ഉയർത്തി ജീവിച്ചു. (1യോഹ 4:18)ൽ പറയുന്നു തികഞ്ഞ ദൈവസ്നേഹം ഭയത്തെ പുറത്താക്കുന്നു എന്ന്. മാതാപിതാക്കളേ! മ്ലേച്ഛതയുടെ ലോകത്തിൽ വളരുന്ന കുഞ്ഞുങ്ങളെ ഓർത്ത് ഭാരപ്പെടാതെ യഹോവയെ സ്നേഹിപ്പാൻ പഠിപ്പിക്കുക.

6. **പൈതലിനെ പെട്ടകത്തിലാക്കിയ മാതാവ്**

ഒളിപ്പിച്ചു വയ്ക്കുവാൻ കഴിയാതെ വന്നപ്പോൾ , ഞാങ്ങണ പെട്ടകം വാങ്ങി കീലും ,പശയും തേച്ച് കുഞ്ഞിനെ അതിൽ കിടത്തി ഞാങ്ങണയുടെ ഇടയിൽ വച്ചു. കൊട്ടാരത്തിനടുത്തുള്ള നൈൽനദിക്കരയിലുള്ള ഞാങ്ങണയുടെ ഇടയിൽ വച്ച പെട്ടകം കുഞ്ഞിന്റെ ജീവൻ ദൈവകരങ്ങളിൽ സുരക്ഷിതമെന്ന ധൈര്യത്തോടെയാണ് യോഖേബെദ് വച്ചത്. ഒരിക്കൽ നേതാവാകുമെന്നോ കൊട്ടാരത്തിൽ എത്തുമെന്നോ അവൾ കരുതിയില്ല.ജീവൻ രക്ഷിക്കാനുള്ള ഒരമ്മയുടെ ചിന്തയാണ് കുഞ്ഞിനെ പെട്ടകത്തിലാക്കിയത്. ദൈവം അത് മാനിച്ചു. നൈൽനദി ലോകത്തിന്റെ പ്രതീകവും , പെട്ടകം ക്രിസ്തുവിന്റെ പ്രതീകവുമാണ്. യോഖേബെദിനെപ്പോലെ ക്രിസ്തുവാകുന്ന പെട്ടകത്തിൽ നമ്മുടെ മക്കളെ ആക്കിയാൽ അവർ സുരക്ഷിതരാകും.

7. **വിശ്വാസത്താൽ പൈതലിനെ തിരികെ പ്രാപിച്ച മാതാവ്**

നദിയിൽ കുളിപ്പാൻ വന്ന ഫറവോന്റെ പുത്രി ഞാങ്ങണയുടെ ഇടയിൽ പെട്ടകം കണ്ടത് എടുത്തുകൊണ്ടുവരുവാൻ തോഴിമാരെ അയച്ചു. അത് തുറന്നവർ കണ്ടത് സുന്ദരനായ ഒരു ബാലനെയാണ്.ദൂരെനിന്ന് സകലതും വീക്ഷിച്ച പെൺകുട്ടി (മിര്യാം) യുടെ സഹായത്തോടെ മാതാവിന് തന്റെ കുഞ്ഞിനെ മുലയൂട്ടി വളർത്തുവാനുള്ള ഭാഗ്യം ലഭിച്ചു.ഫറവോന്റെ പുത്രി അവളോട് “ഞാൻ നിനക്ക് ശമ്പളം തരാം എന്ന് പറഞ്ഞു”

ഇതാണ് സ്വർഗ്ഗീയ അപ്പന്റെ സ്നേഹം, കരുതൽ,കാവൽ എന്ന് നാമും മനസ്സിലാക്കുക. ദൈവം ആർക്കും കടക്കാരനാകുകയില്ല. കൊല്ലാൻ ആജ്ഞ നൽകിയ അതേ കൊട്ടാരത്തിൽ നിന്നു തന്നെ ശമ്പളം വാങ്ങി മകനെ വളർത്തുവാൻ ഭാഗ്യം ലഭിച്ച ആദ്യത്തെ അമ്മയാണ് യോഖേബെദ്. സംഹാരദൂതന്റെ പ്രവർത്തിയെ നിർവീര്യമാക്കിയത് ഈ മാതാവിന്റെ വിശ്വാസവും ധൈര്യവുമാണ്.

പ്രീയ മാതാവേ, ദൈവവചനമെന്ന മായമില്ലാത്ത പാൽ ആവോളം കുഞ്ഞുങ്ങൾക്ക് കൊടുത്തു എന്ന് പറയുവാനുള്ള ധൈര്യം നിങ്ങൾക്കുണ്ടോ? നിങ്ങളുടെ മക്കളെ നിങ്ങൾ അനുഗ്രഹിച്ച് പ്രാർത്ഥിക്കാറുണ്ടോ? സ്വയം ശോധന ചെയ്യുക.

8. **കൊട്ടാരത്തിൽ തിരികെ മകനെ ഏൽപ്പിച്ച മാതാവ്**

പൈതൽ വളർന്ന ശേഷം അവൾ അവനെ ഫറവോന്റെ പുത്രിയുടെ അടുക്കൽ കൊണ്ടുപോയി, അവൻ അവൾക്ക് മകനായി. (പുറ:2:10). മാതൃത്വം എന്ന വലിയ പദവി നഷ്ടമാക്കിയ അമ്മയുടെ ഹൃദയ വേദന എത്ര കഠിനമെന്ന് ഓർക്കുക. കുഞ്ഞിന് പേർ ഇടുവാനുള്ള അധികാരവും ഫറവോന്റെ പുത്രി കൈവശമാക്കി. ആൺകുട്ടികളെ നദിയിലെറിഞ്ഞു കൊല്ലുവാൻ കല്പന ഇട്ട കൊട്ടാരത്തിൽ തന്നെ മകനെ ഏല്പിക്കേണ്ടതായി വന്നിട്ടും യോഖേബെദ് നിരാശപ്പെട്ടില്ല. കാരണം പെട്ടകത്തിൽ നിന്ന് കൊട്ടാരത്തിലെത്തിക്കുവാൻ സഹായിച്ച ദൈവം തന്നെ, കൊട്ടാര ശത്രുക്കളുടെ കയ്യിൽ നിന്നും രക്ഷിക്കുമെന്ന് അവൾ വിശ്വസിച്ചു.

യോഖേബെദ് എന്ന വാക്കിന് യഹോവയുടെ മഹത്വം, യഹോവ നമ്മുടെ മഹത്വമാകുന്നു എന്ന് അർത്ഥമുണ്ട്.ദൈവമഹത്വം ഒരു സ്ത്രീയിലൂടെ വെളിപ്പെടുത്തിയിരിക്കുന്നു. 'യഹോവ'യുടെ നാമത്തോടനുബന്ധിച്ച് ദൈവവചനത്തിൽ ആദ്യം കാണുന്ന പേരാണിത്. പല വിശ്വാസവീരന്മാരുടെയും മക്കൾ തകർന്നു വീണപ്പോൾ ഈ ലേവ്യ സ്ത്രീയുടെ മൂന്ന് മക്കളും അനുഗ്രഹീതരായിത്തീർന്നു. ഇവർ മൂവരും സ്വന്തം മാതാവിൽ വേരൂന്നി നിലനിന്ന കുഞ്ഞുങ്ങളാണ്. നിങ്ങളുടെ മക്കളെ ക്രിസ്തുവിൽ വേരൂന്നുന്നവരായി വളർത്തുവാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? രാജാധിരാജന്റെ കയ്യിൽ ന്യൂനതയില്ലാത്തവരായി നമ്മുടെ തലമുറകളെ ഏല്പിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ.

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind